17

# നാട്ടാനകളെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച നോട്ടീസിന്റെ മാതൃക

നമ്പർ                                                                                    ആഫീസിന്റെ പേര്
                                                                                                      തീയതി

**നോട്ടീസ്**

വിഷയം - നാട്ടാനകളെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്

സൂചന - 2003 ലെ നാട്ടാനകളുടെ സംരക്ഷണവും, കാര്യനിർവഹണവും സംബന്ധിക്കുന്ന ചട്ടങ്ങൾ

താങ്കൾ ചുമതല നിർവഹിക്കുന്ന സ്ഥാപനത്തിൽ നാട്ടാനകളെ പങ്കെടുപ്പിച്ചുകൊണ്ട് ആഘോഷം നടത്തുന്നതായി അറിയുന്നു. നാട്ടാനകളുടെ സംരക്ഷണവും കാര്യനിർവഹണവും സംബന്ധിച്ച് 2003 ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

1. ഉത്സവകാലങ്ങളിൽ ആനയെ ഉപയോഗിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും, റെയിഞ്ച് ആഫീസിലും അറിയിക്കേണ്ടതും ആഘോഷത്തിന്റെ വിശദമായ കാര്യപരിപാടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ധരിപ്പിക്കേണ്ടതുമാണ്.
2. പരിശീലനം ലഭിച്ച പാപ്പാൻമാരെ മാത്രമെ ആനയെ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുവാൻ പാടുള്ളൂ. പാപ്പാന്മാർ മദ്യപിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. ആനകളെ ഉത്സവത്തിന് ഉപയോഗിക്കുന്നതിന് മുമ്പ് വെറ്ററിനറി ഡോക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്.
4. ആനകൾക്ക് വനം വകുപ്പ് നൽകിയിട്ടുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമായും ഉണ്ടായിരിക്കണം.
5. ആനകളെ ഉത്സവത്തിന് ഉപയോഗിക്കുമ്പോൾ വേണ്ടത്ര തീറ്റ,വെള്ളം, വിശ്രമം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ദിവസം ഒരു പ്രാവശ്യമെങ്കിലും കുളിപ്പിച്ചിരിക്കണം. ഇതിന് ആന ഉടമസ്ഥരും/ ആഘോഷ കമ്മിറ്റിക്കാരും ശ്രദ്ധിക്കേണ്ടതാണ്.
6. ഉത്സവസ്ഥലത്ത് കൂടുതൽ ആനകളെ ഉപയോഗിക്കുമ്പോൾ പരിചയസമ്പന്നരായ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.
7. തുടർച്ചയായി ആനയെ വെയിലത്തു നിർത്തേണ്ടിവന്നാൽ നനഞ്ഞ പ്രതലത്തിൽ നിർത്തേണ്ടതാണ്.
8. ആനകളെ ജനക്കൂട്ടത്തിൽ നിന്നും ആവശ്യമായ അകലത്തിൽ മാത്രം നിർത്തണം. ജനങ്ങൾ ആനയെ തൊടാൻ അനുവദിക്കരുത്.
9. കുട്ടിയാനകളെ (1.5 മീറ്ററിൽ താഴെ പൊക്കമുള്ളവ) ആഘോഷങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല
10. ആനകൾ നിൽക്കുന്ന സ്ഥലത്തിനടുത്ത് പടക്കം പൊട്ടിക്കുവാൻ പാടില്ല
11. ആനകളെ എഴുന്നള്ളത്തിന് കഴിവതും കാലത്തും വൈകിട്ടും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ
12. ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് മുമ്പ് 12 മണിക്കൂർ സമയം വിശ്രമം ആനകൾക്ക് നൽകിയിരിക്കണം.

മേൽ നിബന്ധനകളും ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങളും പാലിക്കാതെ ആനകളെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നത് കുറ്റവും ശിക്ഷാർഹവുമാണ്.

                                                                                    ഒപ്പ്

പകർപ്പ് :                                                                    റെയിഞ്ചാഫീസർ